# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1333.

06-03-2020 ൽ മറുപടിയ്ക്ക്

## നെൽകൃഷിയിലെ അധിക ഉല്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം നെൽകൃഷിയിൽ എത്ര ഹെക്ടറിന്റെ അധിക ഉല്പാദനം ഉണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) 2015-16 സാമ്പത്തിക വർഷം 1,96,870 ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് 2017-18 ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നശിച്ചിട്ടും 2018-19 സാമ്പത്തികവർഷം 2,02,907 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലനിറുത്താൻ സാധിച്ചിട്ടുണ്ട്. നടപ്പ് വർഷവും ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയവും നിലവിൽ വടക്കൻ ജില്ലകളിൽ അനുഭവപ്പെടുന്ന ഉണക്കും പ്രതികൂലമായ ഘടകങ്ങളാണെങ്കിലും 2,04,000 ഹെക്ടറിലെ നെൽകൃഷി പ്രതീക്ഷിക്കുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) പൊക്കാളി, കൈപ്പാട് കൃഷിയിൽ എത്ര ഹെക്ടർ അധികം ഉല്പാദനം ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ? | (ബി) പൊക്കാളി കൃഷിയുടെ വിസ്തൃതി തൃശ്ശൂർ, എറണാകുളം ജില്ലകളിൽ വർദ്ധിച്ചിട്ടുണ്ടെങ്കിലും ആലപ്പുഴ ജില്ലയിൽ കുറയുന്നതായിട്ടാണ് കാണുന്നത്. തൃശ്ശൂർ ജില്ലയിൽ 22 ഹെക്ടറും എറണാകുളം ജില്ലയിൽ 62 ഹെക്ടറും പൊക്കാളി കൃഷിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പൊക്കാളി കൃഷിയിൽ 43 ഹെക്ടറിന്റെ കുറവാണുണ്ടായിരിക്കുന്നത്. പരമ്പരാഗത നെല്ലിനങ്ങൾ ജൈവ രീതിയിൽ കൃഷി ചെയ്യുന്നതിനാൽ പരമാവധി ഉല്പാദന ക്ഷമത ഹെക്ടറിനു 1750 കിലോ നെല്ല് മാത്രമാണ്. |

കണ്ണൂർ ജില്ലയിൽ 160 ഹെക്ടറും കോഴിക്കോട് ജില്ലയിൽ 2 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 19 ഹെക്ടറും കൈപ്പാട് കൃഷി ചെയ്യുന്നുണ്ട്. പരമ്പരാഗത നെല്ലിനങ്ങൾ ജൈവ രീതിയിൽ കൃഷി ചെയ്യുന്നതിനാൽ പരമാവധി ഉല്പാദന ക്ഷമത ഹെക്ടറിനു 1500 കിലോ നെല്ല് മാത്രമാണ്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ജില്ല | 2015-16 (ഹെക്ടർ) | 2016-17 (ഹെക്ടർ) | 2017-18 (ഹെക്ടർ) | 2018-19 (ഹെക്ടർ) |
|---|---|---|---|---|
| തിരുവനന്തപുരം | 2119 | 1392 | 2663 | 2038.79 |
| കൊല്ലം | 1555 | 1302 | 3468 | 2134.68 |
| പത്തനംതിട്ട | 2534 | 2640 | 3591 | 3199.99 |
| ആലപ്പുഴ | 31724 | 32453 | 40283 | 42273.39 |
| കോട്ടയം | 16272 | 17216 | 20309 | 22222.89 |
| ഇടുക്കി | 887 | 695 | 1521 | 688.3 |
| എറണാകുളം | 5950 | 4730 | 5301 | 5044.14 |
| തൃശ്ശൂർ | 24625 | 21100 | 22470 | 22131.45 |
| പാലക്കാട് | 81120 | 65513 | 90580 | 77121.31 |
| മലപ്പുറം | 8687 | 7140 | 8084 | 8339.63 |
| കോഴിക്കോട് | 2872 | 1987 | 3783 | 2329.09 |
| വയനാട് | 9204 | 7822 | 9508 | 7761.51 |
| കണ്ണൂർ | 5478 | 4671 | 6083 | 5330.91 |
| കാസർഗോഡ് | 3843 | 2737 | 2805 | 2291.05 |

സെക്ഷൻ ഓഫീസർ